# ജി.എൽ.പി.എസ്. തുരുത്തി

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

- മലയാളം
- ഗണിതം
- ഇംഗ്ലീഷ്
- അറബിക്
- പരിസര പഠനം
- പ്രീ പ്രൈമറി

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. എൽ. പി. എസ്. തുരുത്തി.
വിലാസം : തുരുത്തി (p.o) 671351
സ്കൂൾ കോഡ് : 12513
വിദ്യാഭ്യാസ ഉപജില്ല : ചെറുവത്തൂർ
വിദ്യാഭ്യാസ ജില്ല : കാഞ്ഞങ്ങാട്
റവന്യൂ ജില്ല : കാസർഗോഡ്
ബി. ആർ. സി : ചെറുവത്തൂർ
ഗ്രാമപഞ്ചായത്ത് : ചെറുവത്തൂർ
വാർഡ് നമ്പർ : 11
ആകെ ക്ലാസുകൾ : 5+ preprimary
ആകെ അധ്യാപകർ : 6
PTCM : 1
പ്രീ. പ്രൈമറി അധ്യാപിക : 1
പ്രീ. പ്രൈമറി ആയ 1

Scanned with OKEN Scanner

# ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടിയിലൂടെ പൊതുവിദ്യാഭ്യാസം അതിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയത്തിന്റെയും പഠനപ്രവർത്തനവും അടങ്ങിയതും ആസ്വാദ്യകരമാക്കുക, വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കുക എന്നീ വിഷയങ്ങളിലാണ് ഈ വർഷം കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാകായികപ്രവൃത്തിപരിചയ രംഗങ്ങളിലും ഒരേ പോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിനും പഠന വിടവുകൾ ഇല്ലാതാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്കാണ് ഈവർഷം മുൻഗണന നൽകുന്നത്.



Scanned with OKEN Scanner

115 വർഷത്തെ പാരമ്പര്യത്തിൻ ചരിത്രങ്ങളോടൊപ്പം ഇരുത്തി ഗ്രാമത്തിന്റെ കെടാവിളക്കായി മാറിയ ഈ വിദ്യാലയം 1910 ആമാണ്ടിന്റെ അവസാന ദശകങ്ങളിലാണ് സ്ഥാപിതമായത്.

ഇത്രയും വർഷത്തിനിടയിൽ 5000ൽ പരം വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേരും ജീവിതത്തിന്റെ പല ഉയരങ്ങളിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്. നമ്മുടെ പൂർവ വിദ്യാർത്ഥികൾ നമ്മുടെ സമ്പത്താണ്.

ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താൽ ബുദ്ധിമുട്ടിലിരുന്ന നമുക്ക് ഇന്ന് 4 ക്ലാസ് റൂമുകളും 5 ടോയ്‌ലറ്റുകളും അടങ്ങുന്ന ഇരുനിലക്കെട്ടിടം പണി പൂർത്തിയായി വരുന്നു. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് നമുക്ക് ഇതിനായുള്ള ഫണ്ട് അനുവദിച്ചിരിക്കുന്നത്. ഈ അധ്യയന വർഷം തന്നെ നമുക്ക് ഈ സ്വപ്നം പൂവണിയുമെന്ന് ആശിക്കാം. എന്നിരുന്നാലും നമ്മുടെ സ്കൂൾ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ഒരു വിട്ടുവീഴ്ചയും കാണിക്കാറില്ല. കഴിഞ്ഞ വർഷങ്ങളിൽ ഉപജില്ലാ ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേള, സ്കൂൾ സ്പോർട്സ്, ഉപ സബ്ജില്ലാ കലോത്സവം എന്നിനങ്ങളിൽ മികച്ച വിജയം തന്നെയാണ്



Scanned with OKEN Scanner

കാഴ്ച വെച്ചിരിക്കുന്നത്. ഇത്തവണ LSS പരീക്ഷയിൽ 4 കുട്ടികൾ മികച്ച വിജയം നേടിയിട്ടുണ്ട്. സ്കൂൾ കെട്ടിട നിർമ്മാണത്തിന് ശേഷം പാചകപ്പുര, കളിസ്ഥലം, പ്രീ-പ്രൈമറി ക്ലാസുകൾ എന്നിവ നമുക്ക് ലഭ്യമാകേണ്ടതുണ്ട്. വരും വർഷങ്ങളിൽ കുട്ടികളെ ആകർഷിക്കണമെങ്കിൽ വർണ്ണാഭമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടിവരും. എങ്കിൽ മാത്രമേ വരും വർഷങ്ങളിൽ സ്വപ്നങ്ങളോടൊപ്പം സ്കൂളിന് നിലനിൽക്കാൻ കഴിയൂ. അക്കാദമിക മികവിനപ്പുറമെ ഇതും കൂടി നേടിയെടുക്കണം. എത്രയും പെട്ടെന്ന് തന്നെ ലക്ഷ്യം നിറവേറ്റാൻ നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



Scanned with OKEN Scanner

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാപരിപോഷണം | ബാലമാസികകൾ, പത്രങ്ങൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തൽ, അമ്മമാരുടെ കുട്ടിക്കാലകഥകൾ കേൾക്കൽ, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ to മാർച്ച് | ക്ലാസ് അധ്യാപകർ | PTA |
| സർഗാത്മക ഡയറി | ഒന്നാം തരം മുതൽ നാലാംതരം വരെ വിവിധ ഡയറിക്കുറിപ്പുകൾ പരിചയപ്പെടൽ - അസംബ്ലിയിൽ നല്ല ഡയറി കണ്ടെത്തൽ - സമ്മാനം നൽകൽ - ക്ലാസ് തലം, സ്കൂൾ തലം. | ജൂൺ to മാർച്ച് | ക്ലാസധ്യാപകർ | |
| രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ | ക്ലാസ് ലൈബ്രറി വിതരണം - മാതൃകാ കുറിപ്പ് - കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ. | ജൂലായ് to ഡിസംബർ | ക്ലാസധ്യാപകർ | |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ to മാർച്ച് | അധ്യാപകർ | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. സ്വതന്ത്രമായ എഴുത്ത് പ്രോത്സാഹിപ്പിക്കൽ | ജൂലായ് to ഫിബ്രവരി | അധ്യാപകർ | |
| സർഗോത്സവം ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അനുയോജ്യ സന്ദർഭങ്ങളോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. ബാലസഭ. | മാസത്തിൽ ഒന്ന്. വർഷാവസാനം | അധ്യാപകർ | PTA |

# English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | Simple rhymes, cartoons എന്നിവ ക്ലാസിൽ ഉപയോഗം | ഒഴിവ് സമയങ്ങളിൽ | അധ്യാപകർ | PTA |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡയലോഗുകൾ ഉൾപ്പെടുത്തൽ, ക്ലാസ്സിൽ conversation | ജൂലായ് to മാർച്ച് | അധ്യാപകർ | PTA |
| വായന - അഭിരുചി വളർത്തൽ | ക്ലാസ് ലൈബ്രറികളിൽ ഉൾപ്പെടുത്തിയ English Books, reading card എന്നിവയുടെ ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | അധ്യാപകർ | PTA |
| ഇംഗ്ലീഷ് അസംബ്ലി. ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യൽ | ഓരോ ക്ലാസിനും ആഴ്ചയിൽ ഒരുദിവസം അസംബ്ലി ചേരൽ പറയാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഗസ്റ്റ് to ഫെബ്രുവരി | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ്ടീച്ചർ | |
| സർഗ്ഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, drama, conversation, story telling) | ഓരോ പാഠഭാഗത്തി സംയോജിപ്പിച്ച് | ക്ലാസ്ടീച്ചർ | PTA |
| സർഗ്ഗാത്മകതാ രചനാശേഷി വികസനം | കുട്ടികൾ തയ്യാറാക്കിയ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ | ഒരുടേം - ഒന്ന് | ക്ലാസ്ടീച്ചർ | PTA |



Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ<br>· ഗണിത ചിന്താശേഷി വളർത്തൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമാണം<br>- ഗണിത ക്ലബ്ബ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ. | സെപ്തംബർ മാസത്തിൽ തുടങ്ങി | അദ്ധ്യാപകർ | PTA |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ സാമഗ്രികൾ ഉപയോഗിച്ച് ഗണിത പഠനം രസകരമാക്കൽ ശില്പനിർമ്മാണം നടത്തൽ, പ്രശ്നോത്തരി, പസിൽ, പാറ്റേൺ നിർമ്മിക്കൽ, പരിശീലിക്കൽ | ജൂൺ to മാർച്ച് | അദ്ധ്യാപകർ | PTA |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>ക്വിസ്<br>പാറ്റേൺ<br>പഠന ഉപകരണങ്ങളുടെ ഉൽപന്നം | ദിനാചരണങ്ങൾ, | SRG.<br>ClassTr. | PTA |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സഹായികൾ |
| --- | --- | --- | --- | --- |
| പരിസരപഠനത്തിൽ താത്പര്യം വളർത്തൽ. | · ദിനാചരണങ്ങൾ<br>· പ്രകൃതിയെ അറിയുന്നതിനുള്ള field trip.<br>· വിവിധ ക്ലാസുകൾ<br>· ക്വിസ് മത്സരങ്ങൾ | ജൂൺ to മാർച്ച് | പരിസ്ഥിതി ക്ലബ്ബ് കൺവീനർ | PTA |
| ശാസ്ത്രാവബോധം വളർത്തൽ | · ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>· പരീക്ഷണക്ലാസ്.<br>· എല്ലാവർക്കും പങ്കാളിയാകുന്നതിനുള്ള അവസരം<br>· കുറിപ്പ് തയ്യാറാക്കൽ. | ആഗസ്റ്റ് to ഫെബ്രുവരി | പരിസ്ഥിതി ക്ലബ്ബ് | PTA |
| ശാസ്ത്രോത്സവം | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം<br>- കുട്ടികളെ ശാസ്ത്രോത്സവത്തിന് തയ്യാറാക്കൽ<br>· പഠനോപകരണ നിർമ്മാണം | ആഗസ്റ്റ് to ഫെബ്രുവരി | പരിസ്ഥിതിക്ലബ്ബ് അധ്യാപകർ | PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ

അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കൽ:<br>• അറബി ഭാഷ കേൾക്കാനുള്ള താൽപര്യവും ഗ്രഹിക്കാനുള്ള ശേഷിയും വർദ്ധിപ്പിക്കൽ | • നിലവാരം കണ്ടെത്തൽ<br>• ആകർഷകവും ലളിതവുമായ അറബി ഓഡിയോ/വീഡിയോ/ കാർട്ടൂൺ etc. കേൾക്കാനും കാണാനും അവസരം നൽകുന്നു.<br>• ക്ലാസുകൾ പരമാവധി അറബി മീഡിയത്തിൽ നടത്തുന്നു. | ജൂൺ<br>ജൂലൈ - മാർച്ച്<br>ജൂൺ - മാർച്ച് | അറബി അധ്യാപകൻ | |
| • അറബി ഭാഷ സംസാരിക്കാനുള്ള ആത്മവിശ്വാസവും ശേഷിയും മെച്ചപ്പെടുത്തൽ | • അറബിക് ക്ലബ് രൂപീകരണം<br>• അറബിക് അസംബ്ലി<br>• നിത്യ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളിലെ സംഭാഷണങ്ങളുടെ അറബിക് വീഡിയോസ് കാണാനും അനുകരിക്കാനും അവസരമൊരുക്കുന്നു. | നവംബർ<br>ഡിസംബർ<br>ആഗസ്റ്റ് - മാർച്ച് | അറബി അധ്യാപകൻ | |
| • തെറ്റ് കൂടാതെയും ഒഴുക്കോടെയും അറബി | • അറബി അക്ഷരങ്ങളും വാക്കുകളും | ജൂലൈ - ജനുവരി | | |

| | | | | |
|---|---|---|---|---|
| വായിക്കാനുള്ള ശേഷി വർദ്ധിപ്പിക്കൽ. | കുട്ടിവായിക്കാൻ പ്രയാസപ്പെടുന്ന കുട്ടികൾക്ക് നൂതനവും ശാസ്ത്രീയവുമായ രീതിയിൽ വായന പഠിക്കാൻ പറ്റിയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നു.<br>• വായന മത്സരം സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്, ഒക്ടോബർ | അറബി അധ്യാപകൻ | പി.ടി.എ |
| • ലളിതമായ അറബി ബാലസാഹിത്യങ്ങൾ വായിച്ചുമനസിലാക്കാനും അസ്വദിക്കാനുള്ള ശീലം വളർത്തൽ. | • ലൈബ്രറി അറബി ബാലസാഹിത്യ കൃതികൾ, മാഗസിനുകൾ തുടങ്ങിയവ ലഭ്യമാക്കി കുട്ടികളുടെ വായന ഉറപ്പ് വരുത്തുന്നു. | ജൂലൈ - ഫെബ്രുവരി | അറബി അധ്യാപകൻ | പി.ടി.എ |
| • തെറ്റുകൂടാതെ എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്തൽ.<br>• അറബിയിൽ ചെറു കഥകളും കുട്ടിക്കവിതകളും ഡയറിയും മറ്റും എഴുതാനുള്ള ആത്മവിശ്വാസവും കഴിവും രൂപപ്പെടുത്തിയെടുക്കൽ | • അറബിക് ദിനാചരണത്തിന്റെ ഭാഗമായി അറബി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• അറബിക് മാഗസിനുകൾ ക്ലാസ് തലത്തിൽ ഇറക്കുന്നു. | ഡിസംബർ<br>ജനുവരി | അറബി അധ്യാപകൻ | പി.ടി.എ |
| 2. സാംസ്കാരിക ധാരണ രൂപപ്പെടുത്തി എടുക്കൽ: അറബി ഭാഷ ഒരു വലിയ സംസ്കാരത്തെയും ചരിത്രത്തെയും പ്രതിനിധീകരിക്കുന്നു. ഈ ഭാഷ പഠിക്കുന്നതിലൂടെ കുട്ടികൾക്ക് അറബ് സംസ്കാരത്തെയും അതിന്റെ | • അറബികളുടെ സാംസ്കാരിക മേന്മകൾ ചിത്രീകരിക്കുന്ന ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും പ്രദർശിപ്പിക്കുകയും ഇതര ഭാഷകളുമായി | | | |

| | | | | |
|---|---|---|---|---|
| വൈവിധ്യങ്ങളെയും കുറിച്ച് ധാരണയുണ്ടാക്കി കൊടുക്കൽ | അറബി ഭാഷയെ താരതമ്യ ചർച്ചക്ക് വിധേയമാക്കുകയും ചെയ്യുന്നു.<br>• അറബി ചാനലുകൾ കുട്ടികൾക്ക് കാണാനും പരിചയപ്പെടാനും അവസരമൊരുക്കുന്നു. | സെപ്റ്റംബർ - ഫെബ്രുവരി | അറബി അധ്യാപകൻ | |
| 3. തൊഴിൽ സാധ്യതകളെ കുറിച്ച പ്രാഥമിക ധാരണയുണ്ടാക്കുക: അറബി ഭാഷ നന്നായി കൈകാര്യം ചെയ്യാൻ അറിയുന്നവർക്ക് ധാരാളം തൊഴിൽ സാധ്യതകളുണ്ട്. പ്രൈമറി തലം മുതൽ അറബി പഠിക്കുന്നത് ഇത്തരം സാധ്യതകൾക്ക് വഴിയൊരുക്കുന്നു എന്ന് ബോധ്യപ്പെടുത്തൽ | • അറബി ഭാഷ തുറന്നുവെക്കുന്ന തൊഴിലവസരങ്ങൾ എന്ന തലക്കെട്ടിൽ Meet the Expert program സംഘടിപ്പിക്കുന്നു. | ജനുവരി | അറബി അധ്യാപകൻ | പി.ടി.എ |
| 4. അറബി ഭാഷ തെരഞ്ഞെടുത്തിട്ടില്ലാത്ത വിദ്യാർഥികൾക്ക് അറബി ഭാഷയുടെ പ്രധാന്യം ബോധ്യപ്പെടുത്തുകയും ഭാഷയോടുള്ള താൽപര്യം വളർത്തുകയും ചെയ്യൽ | • അറബി ഭാഷ പഠനത്തിലൂടെ ഉന്നത നിലയിൽ എത്തിച്ചേർന്ന അമുസ്‌ലിം പ്രതിഭകളെ പരിചയപ്പെടാനും അവരോട് സംവദിക്കാനുമുള്ള അവസരമൊരുക്കുന്നു. | ഫെബ്രുവരി | അറബി അധ്യാപകൻ | പി.ടി.എ |

## പ്രോഗ്രാം 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രീ-പ്രൈമറി ക്ലാസിൽ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക. | കുട്ടികളുടെ വിവിധ വികാസ മേഖലകളുമായി ബന്ധപ്പെട്ട വികാസമൂലകൾ ഒരുക്കുന്നു. · കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനുള്ള ഇടങ്ങൾ ഒരുക്കുന്നു. | ജൂൺ | അധ്യാപകർ, PTA | |
| സർഗാത്മക പ്രകടനങ്ങൾക്ക് അവസരം ഒരുക്കൽ | ചിത്രങ്ങൾ, ലഘുകഥകൾ ഇവ ഉപയോഗിച്ച് കഥപറയൽ പാട്ടുപാടൽ | ജൂൺ | " | |
| ക്ലാസ്റൂം പൂർണമായും ഡിജിറ്റലൈസേഷൻ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് പഠനം. | TV, മറ്റ് ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പാക്കുക. | ജൂൺ - മാർച്ച് | Preprimay അധ്യാപിക. | |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രോത്സവം | · കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ | ആഗസ്റ്റ് | പ്രീ-പ്രൈമറി അധ്യാപിക | PTA |
| ഗണിതോത്സവം | · ഗണിത കേളികളിലൂടെ ഗണിത പഠനം രസകരമാക്കുന്നു. | സെപ്റ്റംബർ | പ്രീ-പ്രൈമറി അധ്യാപിക | PTA |
| സർഗോത്സവം | കുട്ടികളിൽ കലാപരമായ വാസന ഉണ്ടാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ | സെപ്റ്റംബർ to december | പ്രീ-പ്രൈമറി അധ്യാപിക | PTA |

# മറ്റു പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂൺ മുതൽ നടക്കുന്ന വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ - ഇതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടത്തൽ | ജൂൺ മുതൽ മാർച്ച് | SRG. | |
| CPTA ശക്തിപ്പെടുത്തൽ | പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, പഠനവിടവുകൾ എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി ആവശ്യമായ സഹായം തേടൽ. എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ സാന്നിധ്യം ഉറപ്പുവരുത്തൽ | മാസത്തിൽ ഒന്ന്. | SRG. | |

# പൊതു കാര്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| · വിദ്യാലയത്തെ ലഹരി മുക്തമാക്കുക.<br>– രക്ഷിതാക്കളെ ബോധവത്കരിക്കുക.<br>– | · സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിക്കൽ<br>വിദ്യാലയവും പരിസരവും ലഹരി മുക്തമാക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ. | ജൂൺ to മാർച്ച്. | സരിത Tr. | PTA |
| വിദ്യാലയവും പരിസരവും നേരിടേണ്ടി വരുന്ന ദുരന്ത സാഹചര്യങ്ങൾ കണ്ടെത്തി<br>അവ നേരിടാനുള്ള മുൻകരുതൽ സ്വീകരിക്കൽ. | SPG ഗ്രൂപ്പിന്റെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ | ജൂൺ to മാർച്ച് | ശ്രീനിവാസൻ.K. | PTA |



Scanned with OKEN Scanner